# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നം. സി1/11/04

തൈക്കാട്, തിരുവനന്തപുരം,
തീയതി : 21/01/2011

## <u>സർക്കുലർ</u>

വിഷയം:- വ്യവസായ പരിശീലന വകുപ്പ്- പ്രവർത്തന രഹിതമായ ഐ.ടി.സി കൾ തൊട്ടടുത്ത ഐ.ടി.ഐകളിൽ രേഖകൾ കൈമാറുന്നതും, ഐ.ടി.സി മാനേജ്മെന്റുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുന്നതും സംബന്ധിച്ച്.

സംസ്ഥാനത്ത് എൻ.സി.വി.റ്റി യുടെ അഫിലിയേഷൻ ലഭിച്ച് പ്രവർത്തിക്കുന്ന ഐ.ടി.സികളിൽ ചില സ്ഥാപനങ്ങൾ പ്രവർത്തന രഹിതമാകുമ്പോൾ ആ സ്ഥാപനത്തിന്റെ ട്രെയിനിംഗുമായി ബന്ധപ്പെട്ട രേഖകൾ മുഴുവനും തൊട്ടടുത്ത ഐ.റ്റി.ഐ പ്രിൻസിപ്പാളിന് കൈമാറുന്നില്ലായെന്നും, ഐ.റ്റി.സി അധികൃതരുടെ ഇത്തരത്തിലുള്ള അനാസ്ഥ കാരണം പ്രവർത്തനരഹിതമായ ഐ.ടി.സികളിൽ പരിശീലനം നേടിയ ട്രെയിനികൾക്ക് ലഭിയ്ക്കേണ്ടതായ PNTC/NTC/STC എന്നിവ യഥാസമയത്ത് ലഭിക്കുവാൻ ബുദ്ധിമുട്ട് നേരിടേണ്ടി വരുന്നുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. കൂടാതെ മേൽപടി ഐ.ടി.സികളിൽ പരിശീലനം പൂർത്തിയാക്കി വിജയിച്ച വിദ്യാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ ലഭിക്കാത്തതിനാൽ ട്രെയിനികൾ അവ ലഭിക്കുന്നതിനായി നിരവധി കേസുകൾ ഇതിനകം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

പ്രവർത്തനരഹിതമാകുന്ന ഐ.ടി.സികളിൽ പരിശീലനം നേടിയ ട്രെയിനികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാനും, അവരുടെ ഭാവിയെ കരുതിയും നിലവിൽ പ്രവർത്തിക്കുന്ന ഐ.ടി.സികൾ പ്രവർത്തന രഹിതമാകുമ്പോൾ അവരുടെ സ്ഥാപന മേധാവികൾ സ്ഥാപനത്തെ സംബന്ധിച്ച-മേലൊപ്പ് ചാർത്തിയ PNTC/NTC/STC ഇവ ഉണ്ടെങ്കിൽ അവയും, ബി ഫോറം, , certificate issue register Admission Register, Attendence register, T.C, T.C issue register, Hall Ticket issue register തുടങ്ങിയ രേഖകൾ ഉൾപ്പെടെ ട്രെയിനികളെ സംബന്ധിക്കുന്ന എല്ലാ രേഖകളും തൊട്ടടുത്ത ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈമാറേണ്ടതും, രേഖകൾ കൈമാറ്റം ചെയ്ത വിവരം ഡയറക്ടറെ അറിയിക്കേണ്ടതുമാണ്. ടി

നിർദ്ദേശം പ്രവർത്തന രഹിതമാകുന്ന എല്ലാ ഐ.ടി.സി പ്രിൻസിപ്പാൾമാരും കർശനമായി പാലിക്കേണ്ടതാണ്. കൂടാതെ ട്രെയിനിംഗ് മാന്വൽ Annexure 1 ഐറ്റം II പ്രകാരമുള്ള മാനേജ്മെന്റ് സൊസൈറ്റിയിൽ രൂപീകരിച്ച വിവരങ്ങൾ എല്ലാ സ്ഥാപനങ്ങളും ഈ ഓഫീസിൽ അതാത് മേഖലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർ വഴി ഒരു മാസത്തിനകം എത്തിക്കേണ്ടതാണ്.

നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ താങ്കളുടെ പരിധിയിൽ വരുന്ന എല്ലാ ഐ.ടി.സി പ്രിൻസിപ്പാൾമാർക്ക് ടി സർക്കുലറിന്റെ പകർപ്പ് അയച്ചു കൊടുക്കേണ്ടതും ,കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്.

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്

ട്രെയിനിംഗ് ഡയറക്ടർ

// അംഗീകാരത്തോടെ //

ജൂനിയർ സൂപ്രണ്ട്

പകർപ്പ്:- എല്ലാ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ/ഐ.റ്റിമാർ.

എ.24/01/11